കേരളസർവകലാശാല

നം.പി.ആർ.39/2021

# പത്രക്കുറിപ്പ്

## സൂക്ഷ്മപരിശോധന

കേരളസർവകലാശാല നടത്തിയ നാലാം സെമസ്റ്റർ ബി.ടെക്. റെഗുലർ/സപ്ലിമെന്ററി (യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടം) ജൂലൈ 2020 (2018 സ്കീം) പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി. കാർഡും ഹാൾടിക്കറ്റുമായി കേരളസർവകലാശാല പാളയം ക്യാമ്പസിലെ റീവാല്യുവേഷൻ സെക്ഷനിൽ (ഇ.ജെ. VII – ഏഴ് ) ഫെബ്രുവരി 17 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

## ടൈംടേബിൾ

കേരളസർവകലാശാല 2021 ഫെബ്രുവരി 22 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ എം.എഡ്. (2015 സ്കീം – സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ എം.എ./എം.എസ്.സി./എം.കോം. സ്പെഷ്യൽ എക്സാമിനേഷൻ – ജനുവരി 2021 പരീക്ഷകൾ ഫെബ്രുവരി 19 മുതൽ ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല 2021 ഫെബ്രുവരിയിൽ നടത്തുന്ന അഞ്ചാം സെമസ്റ്റർ ബി.എ.ഓണേഴ്സ് ഡിഗ്രി പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാംഗ്വജ് ആന്റ് ലിറ്ററേച്ചർ (2018 അഡ്മിഷൻ – റെഗുലർ/2016 – 2017 അഡ്മിഷൻ – സപ്ലിമെന്ററി) പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

കേരളസർവകലാശാല 2021 മാർച്ചിൽ ആരംഭിക്കുന്ന എം.സി.എ. (2015 സ്കീം – റെഗുലർ ആന്റ് സപ്ലിമെന്ററി) അഞ്ച്, മൂന്ന് സെമസ്റ്റർ പരീക്ഷകളുടെ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴകൂടാതെ ഫെബ്രുവരി 23 വരെയും 150 രൂപ പിഴയോടെ 25 വരെയും 400 രൂപ പിഴയോടെ 27 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടത്തെ 2018 അഡ്മിഷൻ (2018 സ്കീം) റെഗുലർ വിദ്യാർത്ഥികളുടെ അഞ്ചാം സെമസ്റ്റർ ബി.ടെക്. പരീക്ഷാ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴകൂടാതെ ഫെബ്രുവരി 22 വരെയും 150 രൂപ പിഴയോടെ ഫെബ്രുവരി 25 വരെയും 400 രൂപ പിഴയോടെ മാർച്ച് 1 വരെയും ഓൺലൈനായി അപേക്ഷിക്കാം. മാർച്ച് 15 ന് പരീക്ഷ ആരംഭിക്കുന്നതാണ്.

## പരീക്ഷാഫലം

കേരളസർവകലാശാല 2020 മാർച്ചിൽ നടത്തിയ നാലാം സെമസ്റ്റർ ബി.പി.എ. (വോക്കൽ/വീണ/വയലിൻ/മൃദംഗം/ഡാൻസ്) (2018 അഡ്മിഷൻ – റെഗുലർ/2017 അഡ്മിഷൻ –ഇംപ്രൂവ്മെന്റ്/2014 – 2016 അഡ്മിഷൻ – സപ്ലിമെന്ററി) ഡിഗ്രി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 22 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2020 മാർച്ചിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എസ്.സി. ബയോകെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി (248) (2018 അഡ്മിഷൻ – റെഗുലർ, 2017 അഡ്മിഷൻ – ഇംപ്രൂവ്മെന്റ്, 2016, 2015 & 2014 അഡ്മിഷൻ – സപ്ലിമെന്ററി) കോഴ്സിന്റെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ഫെബ്രുവരി 22 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പുനർമൂല്യനിർണ്ണയം, സൂക്ഷ്മപരിശോധന – തീയതി നീട്ടി

കേരളസർവകലാശാല 2020 നവംബറിൽ നടത്തിയ രണ്ടാം വർഷ ബി.ബി.എ. (ആന്വൽ സ്കീം – പ്രൈവറ്റ് രജിസ്ട്രേഷൻ) റെഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി പരീക്ഷകളുടെ പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും അപേക്ഷിക്കേണ്ട അവസാന തീയതി ഫെബ്രുവരി 16 ൽ നിന്നും മാർച്ച് 1 ലേക്ക് നീട്ടിയിരിക്കുന്നു.



പബ്ലിക് റിലേഷൻസ് ഓഫീസർ

**തിരുവനന്തപുരം.**
15.02.2021

For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**

**E-mail:ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**